# മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

(സംഗ്രഹം)

2018-19 വാർഷിക പദ്ധതി - പദ്ധതി വിഹിതമായ 2500 ലക്ഷം രൂപയിൽ ഇരുപതു ശതമാനം കുറവു വരുത്തുമെന്ന സർക്കാർ അറിയിപ്പിന്റെ അടിസ്ഥാനത്തിൽ പദ്ധതികൾ പരിഷ്കരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പി & ഡി I – സെക്ഷൻ**

**യു.ഒ.നം. 6504/പി & ഡി-1/3/2018/ഭരണവിഭാഗം** **തീയതി: 06.09.2018**

---

പരാമർശം:-

1. ജി.ഒ. (ആർ.റ്റി) നം. 849/2018/ഉ.വി.വ തീയതി 28.04.2018.
2. ജി.ഒ. (ആർ.റ്റി) നം. 995/2018/ഉ.വി.വ തീയതി 22.05.2018.
3. ജി.ഒ. (ആർ.റ്റി) നം. 1215/2018/ഉ.വി.വ തീയതി 21.06.2018.
4. യു.ഒ.നം. 5290/പി & ഡി-1/1/ഭരണം, തീയതി 04.07.2018
5. വാർഷിക പദ്ധതി സംബന്ധിച്ച് വൈസ് ചാൻസലറുടെ ചുമതല വഹിക്കുന്ന പ്രൊഫസർ 04.09.2018-ൽ വിളിച്ചു ചേർത്ത യോഗത്തിന്റെ മിനിറ്റ്സ്.

## ഉത്തരവ്

2018-19 വാർഷിക പദ്ധതിയിൽ പരാമർശം (1), (2), (3) എന്നിവ പ്രകാരം കേരള സർക്കാർ 2156 ലക്ഷം രൂപയുടെ പദ്ധതികൾക്ക് ഭരണാനുമതി നൽകുകയും ടി പദ്ധതികൾ സർവകലാശാലയിൽ നടപ്പാക്കുന്നതിന് പരാമർശം (4) പ്രകാരം ഉത്തരവാകുകയും ചെയ്തിരുന്നു. 344 ലക്ഷം രൂപയുടെ പദ്ധതികൾ ഭരണാനുമതിയ്ക്കായി ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ വർക്കിംഗ് ഗ്രൂപ്പിന്റെ പരിഗണനയിലുമാണ്.

ലഭ്യമായ ഭരണാനുമതിയുടെ അടിസ്ഥാനത്തിൽ പദ്ധതി പ്രവർത്തനങ്ങൾ പുരോഗമിക്കെ സർവകലാശാലയുടെ പദ്ധതി വിഹിതമായ 2500 ലക്ഷം രൂപായിൽ 20 ശതമാനം കുറവു വരുത്തേണ്ട സാഹചര്യം ഉള്ളതായി ഉന്നത വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ബഹു. വൈസ് ചാൻസലറെ അറിയിക്കുകയും ഇതിന്റെ അടിസ്ഥാനത്തിൽ വിഷയം ചർച്ച ചെയ്യുന്നതിന് വൈസ് ചാൻസലറുടെ ചുതമലയുള്ള പ്രൊഫസറുടെ അദ്ധ്യക്ഷതയിൽ 04.09.2018-നു രാവിലെ 10.30-ന് വൈസ് ചാൻസലറുടെ ചേംബറിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ യോഗം ചേരുകയുമുണ്ടായി. ചർച്ചകളുടെ അടിസ്ഥാനത്തിൽ വാർഷിക പദ്ധതിയിൽ ഭരണാനുമതി ലഭിച്ചതും അനുമതിയ്ക്കായി സർക്കാരിന്റെ പരിഗണനയിലുള്ളതുമായ പദ്ധതികൾ, പദ്ധതി തുകകൾ എന്നിവയിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി 2018-19 വാർഷിക പദ്ധതി പുനഃക്രമീകരിക്കുന്നതിന് താഴെപ്പറയുന്ന പ്രകാരമുള്ള പരിഷ്കരിച്ച പ്രൊപ്പോസൽ സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നതിനും യോഗം ശുപാർശ ചെയ്തു.

| No. | Project | Allocation (Rs. in Lakh) | Revised allocation proposed (Rs in Lakh) |
|---|---|---|---|
| 1. | Convergence Academia Complex | 700 | 700 |
| 2. | Strengthening Scientific Research and Academic Programs - Scholarships and Fellowships for research students as part of promoting research activities | 200 | 200 |
| 3. | Promotion of Research: equipments, chemicals, consumables for the Statutory Departments of the University and Books, e-journals and Journals for the University Library | 200 | 200 |

| | | | |
|---|---|---|---|
| 4. | Collaboration With Foreign Universities/Institutions | 8 | 8 |
| 5. | Fundamental And Applied Research In Chemical Sciences For Sustainable Development | 640 | 320 |
| 6. | Resource Development and Modernization of the University Library | 130 | 125.75 |
| 7. | Exploring The Indigenous Microbiome Of Kerala For Natural And Organic Agricultural Practices- An Approach To Green Kerala | 90 | 60 |
| 8. | Introduction of Automated Learning and Evaluation Management System and Infrastructure facilities for Student Services in DASTP | 130 | 130 |
| 9. | Wi-Fi Network - E-Governance | 58 | 58 |
| 10. | Strengthening Scientific Research and Academic Programs - Scholarships and Fellowships for research students as part of promoting research activities- Additional Requirement (AS awaited) | 113 | 113 |
| 11. | UTM Firewall for Campus Wide Network (AS awaited) | 27 | 27 |
| 12. | Development of Research and Diagnostic Tools (AS awaited) | 8.25 | 8.25 |
| 13. | Digitization of Tabulation Registers (AS awaited) | 100 | 50 |
| | **Total** | **2500** | **2000** |

ടി ശുപാർശകൾ അംഗീകരിച്ചുകൊണ്ട് വൈസ് ചാൻസലറുടെ ചുമതല വഹിക്കുന്ന പ്രൊഫസർ ഉത്തരവായി.

ഒപ്പ്

തുളസീലാൽ ആർ.എൻ.

ഡെപ്യൂട്ടിരജിസ്ട്രാർ (പി & ഡി)

രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്:

1. പഠനവകുപ്പു മേധാവികൾ/സർവകലാശാലാ ലൈബ്രേറിയൻ ഇൻ- ചാർജ്ജ്
2. സർവകലാശാലാ എഞ്ചിനീയർ
3. വി.സി,പി.വി.സി എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
4. രജിസ്ട്രാർ/ഫിനാൻസ് ഓഫീസർ എന്നിവരുടെ പേഴ്സനൽ അസിസ്റ്റന്റുമാർ
5. സി.എം.എസ്/ഫിനാൻസ്-I/ജനറൽ ക്യാഷ്
6. എ.ഡി.ബി. 2/എ.ഡി.ബി.4/എ.ഡി.ബി.9
7. റിക്കാർഡ്സ്
8. എസ്.എഫ്/എഫ്.സി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

**ഫയൽ നം: പി & ഡി-1/1/645/2018/ഭരണവിഭാഗം**